**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 37 | 01/12/2015-ൽ മറുപടിക്ക്

# അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ.എ.കെ.ബാലൻ :<br>,, പി.ടി.എ. റഹീം :<br>ശ്രീമതി.കെ.എസ്.സലീഖ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നവജാതശിശുക്കളുടെ മരണങ്ങൾകൊണ്ടുള്ള അട്ടപ്പാടിയിലെ ദുരിതങ്ങൾക്കറുതി വരുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോ വ്യക്തമാക്കുമോ; | (എ) | അട്ടപ്പാടിയിൽ സംഭവിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഇതു പരിഹരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, സബല പദ്ധതി, അമൃതം ന്യൂട്രീഷ്യൻ മിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ് വെയർ, [redacted] ഗർഭിണികൾക്കു അയൺ ഗുളികകൾ, ഫോളിക് ആസിഡ് എന്നിവകളുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി തുടങ്ങിയവ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കുന്നതിനും സാധ്യമായിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിലെ പ്രോഗ്രാമുകൾ സംയോജിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ ജനപ്രതിനിധികൾ ഉൾപ്പെട്ട ഒരു ഒൻപതംഗ സമിതിയെയും പ്രശ്നങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഡോ. പ്രഭുദാസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന് കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മാസം തികയാതെയുള്ള പ്രസവം, ജനിതക വൈകല്യങ്ങൾ, പോഷണക്കുറവ്, ഗർഭകാലത്തെ കൃത്യമായ പരിചരണമില്ലായ്മ തുടങ്ങിയവ കാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതികൾക്ക് വകയിരുത്തപ്പെട്ട പണം വിനിയോഗിക്കാൻ നടപടി സ്വീകരിക്കാത്തതാണ് ഈ പ്രദേശങ്ങളിലെ ദുരിതങ്ങൾ തുടരാൻ ഇടയാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ? | (സി) | വിവിധ പദ്ധതികൾക്കായി സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടും അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസ് മുഖാന്തിരവും ടി മേഖലയിൽ യഥാസമയം ചെലവഴിച്ചുവരുന്നുണ്ട്. ആയതിനാൽ ഫണ്ട് ചെലവഴിക്കാത്തതല്ല അട്ടപ്പാടിയിലെ ദുരിതങ്ങൾക്ക് കാരണമായിട്ടുള്ളത്. പദ്ധതികളുടെ നടത്തിപ്പിന് പ്രധാനമായും വിഘാതമായി തീരുന്നത് അട്ടപ്പാടിയുടെ സവിശേഷ ഭൂപ്രകൃതിയും വിദൂരസ്ഥങ്ങളായ ഊരുകളുമാണ്. ടി ഊരുകളിൽ നടത്തേണ്ടിവരുന്ന അടിസ്ഥാന സൗകര്യ വികസനം ഏറെ പ്രയാസം നിറഞ്ഞതാണ്. ഇവയുടെ പൂർത്തീകരണത്തിന് കാലതാമസം അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. ഭവന നിർമ്മാണം പോലുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭ്യമല്ലാത്തത് ടി പ്രവൃത്തികളെ ദുഷ്ക്കരമാക്കുന്നുണ്ട്. എന്നിരുന്നാലും പട്ടികവർഗ്ഗക്കാരുടെ ജീവിത പുരോഗതിയെ ലക്ഷ്യമാക്കി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ